# പതിമൂന്നാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2730

19.07.2011 - ൽ ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി പറയേണ്ടത്

## ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷൻ സാധ്യത

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ | | ശ്രീ. കെ.എം. മാണി,<br>ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| (എ) | സർക്കാർ സർവ്വീസിൽ ഒരേ ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന തുല്യയോഗ്യതയുള്ള ചില ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുകയും, മറ്റുള്ളവർക്ക് പ്രൊമോഷൻ ലഭിക്കാതിരിക്കുകയും ചെയ്യുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട് .<br>വിവിധ വകുപ്പുകളിൽ നിന്ന് ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിൻെറ മുൻഗണനാ ക്രമത്തിലാണ് പബ്ളിക് സർവ്വീസ് കമ്മീഷൻ നിയമനം നടത്തുന്നത്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന് നടപടി ഒന്നും സ്വീകരിക്കാനാവില്ല. |
| (ബി) | റാങ്ക്ലിസ്റ്റിൽ ഉയർന്ന റാങ്ക് ലഭിച്ചവർ പ്രൊമോഷൻ സാധ്യത ഇല്ലാത്ത ഡിപ്പാർട്ട്മെൻറിലും, താഴെറാങ്ക് ലഭിച്ചവർ പ്രൊമോഷൻ സാധ്യത ഉള്ള വകുപ്പുകളിലും വന്നാൽ ഉയർന്ന റാങ്ക് കിട്ടിയവർ പെൻഷൻ ആവുന്നതുവരെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായി തുടരുകയും, മറ്റുള്ളവർ ജൂനിയർ സൂപ്രണ്ട് വരെ ആവുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നത്തിനു പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ